കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ബ്ലോക്കിൽ ആവണിശ്ശേരി ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ സിഡിഎസ് ചാർജ്ജ് ഓഫീസറായിരുന്ന, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.എം.കെ.ജോസിനെതിരെയുള്ള നടപടി തീർപ്പാക്കിക്കൊണ്ടും ടിയാൻ സർക്കാരിനുണ്ടാക്കിയ ബാധ്യത ടിയാന്റെ ഡിസിആർജി-യിൽ നിന്നും ഈടാക്കുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ)നം. 362/2019/തസ്വഭവ — തീയതി, തിരുവനന്തപുരം,**11/02/2019**

---

പരാമർശം:
1. ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട്.
2. ഗ്രാമവികസന കമ്മീഷണറുടെ 12/05/2008-ലെ എസ്റ്റാ.എ 4/10185/08/ സിആർഡി നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
3. ഗ്രാമ വികസന കമ്മീഷണറുടെ 03/09/2012 ലെ 14968/എസ്റ്റാ.എ 3/09/സിആർഡി നമ്പർ നോട്ടീസ്
4. ഗ്രാമവികസന കമ്മീഷണറുടെ 22/04/2015,30/09/2015, 06/10/2017 എന്നീ തീയതികളിലെ 14968/എസ്റ്റാ.എ 3/09/സിആർഡി നമ്പർ കത്ത്.
5. ശ്രീ.എം.കെ.ജോസിനെതിരെയുള്ള 05/01/2018-ലെ ഇ.ആർ.ബി1/3/2015/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
6. ശ്രീ.എം.കെ.ജോസ് സമർപ്പിച്ച 07/05/2018-ലെ മറുപടി.
7. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 21/01/2019 ലെ A1-1/50036/18-KPSC നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ബ്ലോക്കിലെ ആവണിശ്ശേരി ഗ്രാമപഞ്ചായത്തിൽ ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തുകയും പഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസ്-ന്റെ ബാങ്ക് അക്കൗണ്ടുകളിൽ ക്രമക്കേടുകൾ ഉള്ളതായി കണ്ടെത്തുകയും സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുകയും ചെയ്തു. ആവണിശ്ശേരി ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ സിഡിഎസ്-ന് ഒല്ലൂർ കാനറാ ബാങ്ക് ശാഖയിലുള്ള 83796 നമ്പർ അക്കൗണ്ടിൽ നിന്നും ചാർജ്ജ് ഓഫീസറായിരുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.എം.കെ.ജോസ് സെൽഫ് ചെക്ക് മുഖേന പിൻവലിച്ച 4,98,000/- രൂപയുടെയും സ്വയം സഹായ സംഘങ്ങളുടെ പേരിൽ പിൻവലിച്ച 23,500/- രൂപയുടെയും വിനിയോഗത്തെ സംബന്ധിച്ച ചെലവ് രേഖകൾ ടിയാൻ ഹാജരാക്കാത്ത പക്ഷം ടിയാനെതിരെ ഗുരുതരമായ സാമ്പത്തിക ക്രമക്കേടിന് അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും കുടുംബശ്രീ സിഡിഎസ്-നുണ്ടായ നഷ്ടം 5,21,500/- രൂപ 18% പലിശ, തുക പിൻവലിച്ച തീയതി മുതൽ കണക്കാക്കി ടിയാനിൽ നിന്നും ഈടാക്കി സിഡിഎസ് അക്കൗണ്ടിൽ അടവാക്കുവാനും പരാമർശം (1) പ്രകാരം ധനകാര്യ പരിശോധന വിഭാഗം ശുപാർശ ചെയ്തു.

1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം ശ്രീ.എം.കെ.ജോസിന് ഗ്രാമവികസന കമ്മീഷണർ കുറ്റപത്രവും കുറ്റാരോപണമെമ്മോയും നൽകി. ടിയാൻ പ്രതിവാദ പത്രികയിൽ കുറ്റം നിഷേധിച്ചു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുവാൻ ശ്രീ.എം.കെ.ജോസിന് നിർദ്ദേശം നൽകിയിട്ടും ടിയാൻ ഹാജരാകുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ ടിയാന് ഇക്കാര്യത്തിൽ കൂടുതലായൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ തുടർ നടപടികൾ സ്വീകരിക്കുകയും 5,21,500/- രൂപ 14/07/2014 മുതൽ 18% പലിശ സഹിതം അടയ്ക്കുന്ന തീയതി വരെ ടിയാന്റെ ബാധ്യതയായി നിശ്ചയിക്കുകയും ടി തുക ടിയാന്റെ

സർവ്വീസ് ആനുകൂല്യത്തിൽ നിന്നും ഈടാക്കുന്നതിന് പാലക്കാട് അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ടിയാനെ എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്) ഗ്രേഡ് II തസ്തികയിൽ നിന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I തസ്തികയിലേയ്ക്ക് തരംതാഴ്ത്തുന്നതിന് തീരുമാനിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഗ്രാമ വികസന കമ്മീഷണർ ടിയാന് നോട്ടീസ് നൽകി. ശ്രീ.എം.കെ.ജോസ് 31/03/2013-ൽ റിട്ടയർ ചെയ്തതിനാൽ ടി നോട്ടീസ് പ്രകാരമുള്ള ശിക്ഷാനടപടി സാധ്യമല്ലെന്നും KSR Part III Rule 3 (a) പ്രകാരം ടിയാന്റെ പെൻഷനിൽ നിന്നും പ്രതിമാസം 100/-രൂപാ വീതം ഒരു വർഷത്തേയ്ക്ക് കുറവ് വരുത്തുവാനും പരാമർശം(4)ലെ 30/09/2015 ലെ കത്തു പ്രകാരം ഗ്രാമ വികസന കമ്മീഷണർ ശിപാർശ ചെയ്തു. ശ്രീ.എം.കെ.ജോസിനെതിരെ KSR Part III Rule 3 (a) പ്രകാരം അച്ചടക്കനടപടി തുടരുന്നതിലേയ്ക്കായി പരാമർശം (5) പ്രകാരം സർക്കാർ ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകി. നേരത്തെ പറഞ്ഞതിൽ നിന്നും കൂടുതലൊന്നും പറയാനില്ലെന്നും തന്റെ ഭാഗത്തുനിന്നും പാളിച്ചകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ നഷ്ടം നികത്തുവാൻ താൻ തയ്യാറാണെന്നും പരാമർശം (6) പ്രകാരം ശ്രീ.എം.കെ.ജോസ് മറുപടി നൽകി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാന്റെ പെൻഷനിൽ നിന്നും പ്രതിമാസം 200/- രൂപാ വീതം 2 വർഷത്തേയ്ക്ക് കുറവ് ചെയ്യുന്നതിനും സർക്കാരിനുണ്ടായ നഷ്ടം ശ്രീ.ജോസിന്റെ ഡിസിആർജി-യിൽ നിന്നും ഈടാക്കുവാനും ബാക്കി തുക റവന്യൂ റിക്കവറി വഴി ഈടാക്കുവാനും താൽക്കാലിക തീരുമാനമെടുക്കുകയും താൽക്കാലിക തീരുമാനം സംബന്ധിച്ച് കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും ചെയ്തു. പരാമർശം (7) പ്രകാരം കമ്മീഷൻ സർക്കാരിന്റെ അഭിപ്രായത്തോട് യോജിച്ചു.

മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ബ്ലോക്കിലെ ആവണിശ്ശേരി ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ സിഡിഎസ് അക്കൗണ്ടിലെ ക്രമക്കേടിനുത്തരവാദിയായ, കുടുംബശ്രീ സിഡിഎസ് ചാർജ് ഓഫീസർ ആയിരുന്ന ശ്രീ.എം.കെ.ജോസിന്റെ പെൻഷനിൽ നിന്നും പ്രതിമാസം 200/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവു ചെയ്തുകൊണ്ടും ടി ക്രമക്കേടിൽ സർക്കാരിന് നഷ്ടം വന്ന തുകയായ 5,21,500/- രൂപ 14/07/2014 മുതൽ 18% പലിശ സഹിതം ടിയാന്റെ ഡിസിആർജി-യിൽ നിന്നും ഈടാക്കുവാനും ബാക്കി തുക റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിനും ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ടിയാനെതിരെയുള്ള നടപടി തീർപ്പാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

( ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്സ്**

**സെക്രട്ടറി**

1. ശ്രീ.എം.കെ.ജോസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചേർപ്പ് ബ്ലോക്ക്, തൃശ്ശൂർ (ഗ്രാമവികസന കമ്മീഷണർ മുഖേന)
2. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3. സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ്
6. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7. വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & new media)
8. ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ